# പാട്ടു പാടി ലോകറിക്കാർഡിന്റെ പടവുകളിൽ സ്വപ്ന എന്ന മലയാളി വനിത

**ഡോ. മാത്യു ജോയ്സ്**

ഓരോ ദിവസ്സവും ഓരോ പുതിയ പാട്ടുകൾ രചിച്ചു അതാതു തീയതികളിൽ വീഡിയോ റിക്കോർഡ് ചെയ്തുകൊണ്ട് ഏപ്രിൽ എട്ടാം തീയതിമുതൽ അടുത്ത ആയിരം ദിവസ്സങ്ങളിൽ മുടങ്ങാതെ തുടർന്ന് പുതിയ ഒരു ചരിത്രം സൃഷ്ടിക്കാനായി കോട്ടയംകാരിയായ സ്വപ്ന എബ്രഹാം എന്ന അനുഗ്രഹീത കലാകാരി മുന്നോട്ടു വന്നിരിക്കുന്നത്, മലയാളികൾക്ക് തികച്ചും അഭിമാനാർഹമാണ്. ലോക റിക്കോർഡ് എന്ന നിലയിൽ അതിൻറെ നിയമങ്ങൾക്ക് അനുസ്യൂതമായി ഓരോ പാട്ടിനെയും അതിന്റെ രചനയേയും റിക്കോർഡിംഗ് തീയതികളെയും സസൂക്ഷ്മം വീക്ഷിച്ച് വിലയിരുത്താൻ, സംഗീത ലോകത്തെ ഗിന്നസ് ബുക്ക് ആയ വേൾഡ് റിക്കാർഡ് അക്കാദമി തയ്യാറായിക്കൊണ്ടിരിക്കുന്നു. ഓരോ ദിവസ്സവും ഫേസ് ബുക്ക് ലൈവിലൂടെ ഇത് ലോകത്തിൽ എവിടെയും വീക്ഷിക്കുകയും ചെയ്യാമെന്ന് പറയുമ്പോൾ, സ്വപ്നയെ സംബന്ധിച്ചിടത്തോളം ഇതൊരു നിസ്സാര സംഗതിയല്ല. തൻറെ കലാജീവിതത്തോടുള്ള പ്രതിബദ്ധതയും അഭിനിവേശവും ഉറച്ച മനസ്സും ലോകത്തിന് വെളിവാക്കാനുള്ള അചഞ്ചലമായ കാൽവെയ്പ്പുതന്നെയായിരിക്കും.



സ്വപ്ന എബ്രഹാം

1992ൽ മാഗ്നാസൌണ്ട് ഡിജിറ്റൽ സിസ്റ്റത്തിലൂടെ 'ബിലീവ് ഇൻ ദ ലോർഡ്' എന്ന ആദ്യത്തെ ക്രിസ്തീയ ഭക്തിഗാനങ്ങളുടെ ഓഡിയോ റിക്കാർഡിംഗ്, നടക്കുമ്പോഴാണ് ആദ്യമായി ഈ പെൺകുട്ടിയുടെ സംഗീതപാടവവും സ്വരമാധുരിയും എനിക്ക് കണ്ടും കേട്ടും അറിഞ്ഞ് ആസ്വദിക്കാൻ ഭാഗ്യമുണ്ടായത്.

പിന്നീട് ഇക്കാലം വരെ 21 ലധികം സംഗീത ആൽബങ്ങൾ സ്വതസിദ്ധമായ ശൈലിയിൽ സ്വയം എഴുതി ചിട്ടപ്പെടുത്തി അന്തർദേശീയ തലത്തിൽ ശ്രദ്ധയാകർഷിച്ച ഒരു മലയാളിവനിത ഇന്ത്യക്കും ലോകത്തിലാകമാനവും ഇതാ റിക്കാർഡുകളുടെ ചരിത്രത്തിൽ പുതിയ ഒരദ്ധ്യായം എഴുതിച്ചേർക്കുന്നു.

സ്വപ്നയുടെ സ്വന്തം ഭാഷയിൽ പറഞ്ഞാൽ ഇതൊരു നിയോഗമായിട്ടാണ് ഈ വമ്പൻ പ്രോജക്റ്റ് നടപ്പാക്കാൻ സ്വയം തീരുമാനം എടുത്തത്. 'നീണ്ട 24 വർഷങ്ങളിലെ സംഗീത ഉപാസ്സനയുടെയും രചനകളുടെയും പാട്ടുകളുടെയും മാസ്മരികലോകത്തിൽ നിന്നും തത്കാലം മാറിനിന്നാലോ എന്ന ചിന്ത കഴിഞ്ഞ മാർച്ച് 28 ന് എന്നെ മഥിക്കുവാൻ തുടങ്ങി. തന്നിൽ കുടിയിരുന്ന സംഗീത വാസനയുമായി ലോകത്തിൻറെ പലഭാഗങ്ങളിലും സ്റ്റേജുപരിപാടികൾ നടത്തുവാനും 21 ലധികം ആൽബങ്ങൾ റിലീസ് ചെയ്യാനും പതിനായിരക്കണക്കിന് സംഗീതപ്രേമികളെ ആവേശഭരിതരാക്കുവാനും കഴിഞ്ഞ എനിക്ക് വിടവാങ്ങലിന് മുൻപായി ഒരു ഓർമ്മയിൽ നില്ക്കുന്ന സംഭവം സൃഷ്ടിക്കണമെന്ന മോഹം ഉടലെടുത്തു. ക്രുദ്ധിതനായ അറേബ്യൻ രാജാവിനെ ആയിരത്തൊന്നു രാവുകളിലൂടെ കഥ പറഞ്ഞുറക്കിയ യുവതിയുടെ ചരിത്രമാണ് മനസ്സിൽ തെളിഞ്ഞത്. അങ്ങനെയാണ് 1000 ദിവസ്സങ്ങൾ കൊണ്ട് 1000 പാട്ടുകൾ രചിക്കണം എന്ന ആശയവുമായി പിറ്റേ ദിവസ്സം ഉണർന്ന് എഴുന്നേറ്റത്. ഓരോ ദിവസ്സവും ഓരോ പുതിയ പാട്ടുകൾ ഒരു വെല്ലുവിളിയായിരിക്കും.'

'അടുത്ത രണ്ടു ദിവസ്സങ്ങളിലെ സായംസന്ധ്യയുടെ ഏകാന്തതയിൽ Crossing Over" "Blest & Broken" എന്ന രണ്ടു പാട്ടുകൾ വേഗം രചിക്കാൻ സാധിച്ചു. അങ്ങനെ ഇതെനിക്ക് ചെയ്യാൻ സാധിക്കും, ചെയ്യണം എന്ന അചഞ്ചലമായ തീരുമാനത്തിൽ എത്തിച്ചേരുകയായിരുന്നു' ഇത് പറയുമ്പോൾ സ്വപ്നയുടെ മുഖത്തു ദർശിച്ച സന്തോഷവും ആത്മധൈര്യവും തൻറെ ഉദ്ധേശ ശുദ്ധിയുടെ പ്രതീകങ്ങൾ ആയിരുന്നു.

1994 ൽ മണിപ്പാലിലെ പൈ മാനെജുമെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എം.ബി.ഏ യും, 2008 ൽ ഇൻഡ്യൻ ഇൻസ്ടിട്യൂട്ട് ഒഫ് മാനേജ്മെന്റിൽ നിന്നും മാർക്കറ്റിങ്ങിൽ എക്സിക്യൂട്ടിവ് പ്രോഗ്രാമും മികവാർന്ന നിലയിൽ കരസ്ഥമാക്കിയ സ്വപ്ന നിരവധി അവാർഡുകളുടെയും ആദരവുകളുടെയും ഉടമ കൂടിയാണ്. 2010 ഇൻഡ്യാ നീഡ് സ്റ്റാറിൽ വിമൻസ് ഡേയ് പതിപ്പിൽ സ്വപ്നയെപ്പറ്റി പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ് 'മുഖ്യധാരാ പ്രവർത്തനങ്ങളിലും കലാപ്രകടനങ്ങളിലും, തൊഴിൽ സംരംഭകയെന്ന നിലയിലും മികവാർന്ന ഉന്നതിയും വിജയവും നേടിയ സ്വപ്ന വനിതകൾക്ക് ഒരു റോൾ മോഡൽ തന്നെയാണ്'.

1992–2012 കാലഘട്ടത്തിൽ ഇൻഡ്യയിൽ നിന്നും അന്താരാഷ്ട്രതലത്തിൽ ഇംഗ്ലീഷുഭാഷയിൽ, ഇത്രയും ക്രിസ്ത്യൻ ആൽബങ്ങൾ രചിച്ചു പ്രചാരമാക്കിയ ആദ്യത്തെ ഇൻഡ്യൻ മലയാളി വനിത എന്ന ബഹുമതി സ്വപ്നയുടെ കിരീടത്തിൽ മുൻപ് തന്നെ ഇടം കണ്ടെത്തിയിരുന്നു. ഗാനങ്ങൾ രചിക്കുകയും കമ്പോസ് ചെയ്തു ശ്രുതിമധുരമായി പാടുവാനും യുവാക്കളിലും കുട്ടികളിലും ആത്മീയചിന്തകളെ ഊട്ടിയുറപ്പിക്കുവാനും അക്കാലമൊക്കെയും ദൈവാനുഗ്രഹം മാത്രമാണ് തന്നെ പ്രചോദിപ്പിച്ചതെന്ന് സ്വപ്ന പറയുന്നു. അമേരിക്ക, ബ്രിട്ടൺ, ക്യാനഡ, ജെർമനി, കെനിയ, റ്റാന്സാനിയ, ബഹറിൻ, യു.എ.ഈ, ഇസ്രയേൽ, ഈജിപ്റ്റ്, ശ്രീലങ്ക, സിങ്കപ്പൂർ, മലേഷ്യ, ഹോങ്ങ്കോന്ഗ്, ഫിലിപ്പൈൻസ്, ഓസ്ട്രേലിയ, ന്യൂസിലാണ്ട് തുടങ്ങിയ വിദേശരാജ്യങ്ങളിലും ഇന്ത്യയിൽ പല ഭാഗങ്ങളിലായി നൂറുകണക്കിന് പ്രാവശ്യങ്ങളിലായി തൻറെ സ്റ്റേജ്ഷോകൾ നടത്തി ആയിരക്കണക്കിന് ആളുകളുടെ പ്രശംസ കൈപ്പറ്റി സ്വപ്ന ഇന്നും അതേ സ്വരമാധുരിയിലും സംഗീത നൈപപുണ്യത്തിലും മികവാർന്നു നിൽക്കുന്നു.

പിന്നീട് പരമ്പരാഗതമായ സുവിശേഷഗാനങ്ങൾ മുതൽ പോപ്പ്, റോക്ക്, ഫോക്ക് ഗാനങ്ങളുടെ ഒരു പ്രവാഹം തന്നെയായിരുന്നു. ഇതിനിടെ 2012 ലെ Maestro Award (LAMP-ICONGO Karmaveer Chakra for gospel music) ലഭിച്ചിരുന്നു. 2005 ൽ തൻറെ പ്രിയ മക്കളായ ഏഡ്രിയൻ, ഏമി എന്നിവരുടെ പേരിൽനിന്നും തുടങ്ങിവെച്ച Admiral Musics എന്ന സംഗീത നിർമ്മാണസ്ഥാപനം നന്നായി നടന്നുപോകുന്നു. 2012 ൽ തുടങ്ങിവെച്ച SwanSong എന്ന മൂന്നാം മതസൌഹാർദ ആൽബവും 2016 ൽ പുറത്തുവന്നു. 2007–2009 കാലഘട്ടത്തിൽ ചെന്നയിൽ Kafeoke the 'Singing Cube' എന്നാ പേരിൽ പാട്ടുകൾ രചിക്കാനും പാടാനും സൌകര്യങ്ങൾ ഉള്ള ഒരു ഓഡിയോ റിക്കോർഡിംഗ് സ്റ്റുഡിയോയും തുടങ്ങിയിരുന്നു. അതിൻറെ വിജയത്തിലാണ് 2012 ലായി ഓഡിയോ വീഡിയോ റിക്കോർഡിങ്ങിനായി SA Recording എന്നാ മറ്റൊരു സ്റ്റുഡിയോയും ചെന്നയിൽ ത്തന്നെ ആരംഭിച്ചിരുന്നു.

ഇതിനിടയിൽ 2009ൽ മിത്രൻ ദേവനേശൻ സംവിധാനം ചെയ്ത Donna എന്ന ഫിലിമിലും, 2011ൽ ഗൌതം വാസുദേവ മേനോൻ സംവിധാനം ചെയ്തിറക്കിയ Nadunissi Naaygal എന്ന തമിൾ ഫീച്ചർ ഫിലിമിലെ മീനാക്ഷിയായും അഭിനയിച്ചുകൊണ്ട് സ്വപ്ന എന്ന ഈ ബഹുമുഖപ്രതിഭ തൻറെ അനിതരപാടവം തെളിയിച്ചിട്ടുള്ളതും പറയാതിരിക്കാൻ വയ്യ.

വർഷങ്ങളായി ദുബായിൽ പ്രവാസജീവിതം നയിച്ചിരുന്ന മലയാളിക്കുടുംബത്തിലെ അംഗമെന്ന നിലയിൽ, സമ്പൽസമൃദ്ധിയുടെ നിറകുടമായ ദുബായിൽ നടക്കാനിരിക്കുന്ന വമ്പൻ ലോകമേളയായ EXPO 2020 യോട് സഹകരിച്ചുകൊണ്ട് സ്വപ്ന തൻറെ ഈ കുതിപ്പിന് തയ്യാറായിക്കൊണ്ടിരിക്കുന്നു. ഈ ചരിത്രസംഭവത്തിൽ ഭാഗഭാക്കാകു ന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും 1000 songs in 1000 days.com. എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. മലയാളികൾക്ക് അഭിമാനം പകരുന്ന സ്വപ്നയുടെ സ്വപ്നസാക്ഷാൽക്കാരത്തിനായി ശുഭ ആശംസകൾ